**15 -ാം കേരള നിയമസഭ**

**5 -ാം സമ്മേളനം**

**നക്ഷത്രചിഹ്നമിട്ട ചോദ്യം നം. 376** **19-07-2022 - ൽ മറുപടിയ്ക്ക്**

**ജണ്ടകൾ സ്ഥാപിക്കൽ**

| ചോദ്യം | | ഉത്തരം | |
|---|---|---|---|
| ശ്രീ. എം. എം. മണി,<br>ശ്രീ ഐ ബി സതീഷ്,<br>ശ്രീ. കെ.പി.കുഞ്ഞമ്മദ് കുട്ടി മാസ്റ്റർ,<br>ശ്രീ. കെ. പ്രേംകുമാർ | | ശ്രീ . എ . കെ . ശശീന്ദ്രൻ<br>(വനം-വന്യജീവി വകുപ്പ് മന്ത്രി) | |
| (എ) | സംസ്ഥാനത്ത് ജണ്ടകൾ സ്ഥാപിക്കുന്നത് സംബന്ധിച്ച് നടത്തിയ പരിശോധനയിൽ എന്തെങ്കിലും അപാകതകൾ കണ്ടെത്തിയതായി ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ; എങ്കിൽ ഇതിന് ഉത്തരവാദികളായവർക്കെതിരായി നടപടി സ്വീകരിച്ചിട്ടുണ്ടോ; | (എ) | ഉണ്ട്. അപാകതകൾ സംബന്ധിച്ച് വനം വിജിലൻസ് വിഭാഗം വിശദമായ അന്വേഷണം നടത്തി വരികയാണ്. ആയത് പൂർത്തിയാക്കി റിപ്പോർട്ട് ലഭ്യമാകുന്ന മുറയ്ക്ക് അനന്തര നടപടികൾ സ്വീകരിക്കുന്നതാണ് |
| (ബി) | പ്രസ്തുത പദ്ധതി വിജയകരവും സമയബന്ധിതവുമായി പൂർത്തീകരിക്കുന്നതിന് വേണ്ടി എന്തെല്ലാം ക്രമീകരണങ്ങളാണ് സ്വീകരിച്ച് വരുന്നതെന്ന് വ്യക്തമാക്കാമോ? | (ബി) | സംസ്ഥാനത്ത് വനം കയ്യേറ്റം പൂർണ്ണമായി തടയുന്നതിനും വനം അതിർത്തി നിശ്ചയിക്കുന്നതിനും സ്ഥിരം ജണ്ടകൾ കെട്ടി വേർതിരിക്കുന്ന പദ്ധതി വിജയകരമായും സമയബന്ധിതമായും നടപ്പിലാക്കി വരുന്നു. വനഭൂമി, റവന്യൂ ഭൂമിയുമായി ചേർന്ന് കിടക്കുന്ന പ്രദേശങ്ങളിൽ ആവശ്യമായ പരിശോധന നടത്തി വനാതിർത്തി നിർണ്ണയിച്ച് ജണ്ട നിർമ്മാണം നടപ്പാക്കി വരുന്നു. ഇത്തരം പ്രവർത്തികൾക്കായി സർവ്വേ വകുപ്പിലെ സർവ്വേയർമാരുടെയും വനം വകുപ്പിലെ ബീറ്റ് ഫോറസ്റ്റ് ഓഫീസർ/ സെക്ഷൻ ഫോറസ്റ്റ് ഓഫീസർ എന്നിവരെ സർക്കാർ അധീനതയിലുള്ള മോഡേൺ ഗവൺമെൻറ് റിസർച്ച് & ട്രെയിനിംഗ് സെൻറർ ഫോർ സർവ്വേ എന്ന സ്ഥാപനം വഴി മോഡേൺ സർവ്വെ രീതികളിൽ, പരിശീലനം നൽകി വനാതിർത്തി നിർണ്ണയത്തിനുള്ള സേവനങ്ങൾക്ക് കൂടി ഉപയോഗപ്പെടുത്തി വരുന്നു. |

സെക്ഷൻ ഓഫീസർ